"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

കൃഷി വകുപ്പ്- സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ഫീൽഡ് സൂപ്പർവൈസർ ഗ്രേഡ് II തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീമതി അപർണ്ണ ഷാജിയുടെ ജോയിനിംഗ് ടൈം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (പി.യു) വകുപ്പ്**

സ.ഉ.(സാധാ) നം.967/2024/AGRI    തീയതി,തിരുവനന്തപുരം, 14-10-2024

---

പരാമർശം:-

1. ഉദ്യോഗസ്ഥ ഭരണപരിഷ്കാര ( ഉപദേശ -സി) വകുപ്പിൽ നിന്നുള്ള 28/06/2000-ലെ 5966/Adv. C3/2000/P& ARD നമ്പർ സർക്കുലർ.
2. 25/07/2024-ലെ എസ്.എഫ്.സി.കെ/Persl.2/KPSC/FS.Gr.II/2024-25/1247 പ്രകാരമുള്ള നിയമന ഉത്തരവ്
3. ശ്രീമതി അപർണ്ണ ഷാജി സമർപ്പിച്ച 30/07/2024-ലെ അപേക്ഷ
4. സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ 24/09/2024 -ലെ എസ്.എഫ്. സി.കെ./Persl.2/2024-25/1818 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ഫീൽഡ് സൂപ്പർവൈസർ ഗ്രേഡ് II തസ്തികയിൽ പരാമർശം (2) പ്രകാരം നിയമന ഉത്തരവ് ലഭിച്ച ശ്രീമതി അപർണ്ണ ഷാജി നിലവിൽ തമിഴ് നാട് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ കീഴിൽ ബി.എസ്.സി (അഗ്രി) കോഴ്സിനു പഠിക്കുന്നതിനാൽ ടിയാരിയ്ക്ക് പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് ജോയിനിംഗ് ടൈം ദീർഘിപ്പിച്ച് നൽകണമെന്ന് കാണിച്ചുകൊണ്ട് സമർപ്പിച്ച പരാമർശം (3) അപേക്ഷ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (4) പ്രകാരം സർക്കാർ അനുമതിയായി സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന ശുപാർശ പ്രകാരം സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ഫീൽഡ് സൂപ്പർവൈസർ ഗ്രേഡ് II തസ്തികയിൽ നിയമന ഉത്തരവ് ലഭിച്ച ശ്രീമതി അപർണ്ണ ഷാജി സമർപ്പിച്ച അപേക്ഷയുടെയും, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് മാനേജിംഗ് ഡയറക്ടറുടെ ശുപാർശയുടെയും, പരാമർശം (1) സർക്കുലറിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും ശ്രീമതി അപർണ്ണ ഷാജിയ്ക്ക് സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡിൽ ഫീൽഡ് സൂപ്പർവൈസർ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് 12/08/2024 മുതൽ 19/10/2024 വരെ ഒരു തവണത്തേയ്ക്ക് ജോയിനിംഗ് ടൈം ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. മാനേജിംഗ് ഡയറക്ടർ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്
2. ശ്രീമതി അപർണ്ണ ഷാജി, ഫീൽഡ് സൂപ്പർവൈസർ ഗ്രേഡ് II സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് ( മാനേജിംഗ് ഡയറക്ടർ മുഖാന്തരം )
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്).
4. വെബ് & ന്യൂ മീഡിയ, ഐ & പി ആർ വകുപ്പ്
5. സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Premchand C P
Date: 14-10-2024 16:15:39
സെക്ഷൻ ഓഫീസർ

പകർപ്പ് : കൃഷി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്